"ഭരണഭാഷ-മാതൃഭാഷ"

അടിയന്തിരം

നം.എച്ച് 2/12137/18

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ, തിയതി : 26/06/2018.
Phone No: 0487-2360810
website:www.ddethrissur.org
Email: ddedntsr@gmail.com.

പ്രേഷിത

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക്.

സർ,

വിഷയം: പൊ.വി. – കലാപാഠം – കലാപഠന ശിൽപ്പശാല – നിർദ്ദേശങ്ങൾ – സംബന്ധിച്ച് –

സൂചന: 1). പൊ.വി.ഡയറക്ടറുടെ 14/06/2018 ലെ 38708/18/ഡി.പി.ഐ. നമ്പർ സർക്കുലർ.
2). 23/06/2018 ലെ 225/എ/2018 നമ്പർ സെക്രട്ടറി, കേരള സംഗീത നാടക അക്കാദമിയുടെ കത്ത്.

.. ... ..

സംസ്ഥാന സ്കൂൾ കലോത്സവത്തിന് മുന്നോടിയായി സ്കൂൾ വിദ്യാർത്ഥികൾക്ക് ശാസ്ത്രീയ നൃത്ത ഇനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടി കേരള സംഗീത നാടക അക്കാദമിയും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി കലാപാഠം എന്ന പേരിൽ ശില്പശാല നടത്തുന്നതിന് തീരുമാനം എടുത്ത വിവരം സൂചന (1) ലെ സർക്കുലറിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1)കേരളത്തിലെ എല്ലാ ജില്ലകളിലും കലാപാഠം ശിൽപ്പശാലകൾ ജൂൺ 30 മുതൽ ആഗസ്റ്റ് 12 വരെയുള്ള തിയതികളിലായി നടത്തുന്നു.

2) ഈ പദ്ധതിയുടെ ഔപചാരികമായ സംസ്ഥാന തല ഉദ്ഘാടനം 2018 ജൂൺ 30 ന് തൃശൂർ കേരള സംഗീത നാടക അക്കാദമി ക്യാമ്പസിൽ വച്ച് രാവിലെ 10 മണിയ്ക്ക് നടത്തുന്നതാണ്.

3) തൃശൂർ ജില്ലയിൽ ശില്പശാല നടത്തുന്നത് താഴെ പറയുന്ന പ്രകാരമാണ്.

| തിയതി | പരിശീലന ഇനം | സമയം | പരിശീലന കേന്ദ്രം |
|---|---|---|---|
| 30/06/2018 | മോഹിനിയാട്ടം<br>കേരള നടനം | 10 മണി മുതൽ 4 മണി വരെ | കേരള സംഗീത നാടക അക്കാദമി, തൃശൂർ. |
| 01/07/2018 | ഭരതനാട്യം<br>കുച്ചിപ്പുടി | 10 മണി മുതൽ 4 മണി വരെ | കേരള സംഗീത നാടക അക്കാദമി, തൃശൂർ. |

(..2)



Scanned by CamScanner

3) 2017-18 വർഷത്തിൽ റവന്യൂ ജില്ലാ കലോത്സവത്തിൽ ശാസ്ത്രീയ നൃത്തയിനങ്ങളിൽ പങ്കെടുക്കാൻ പരിശീലനം നേടിയ വിദ്യാർത്ഥികളെ ആയിരിക്കണം ശിൽപശാലയിൽ പങ്കെടുപ്പിക്കേണ്ടത്.

4)8,9,10 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയും ഹയർ സെക്കന്ററി വിദ്യാർത്ഥികളേയും പങ്കെടുപ്പിക്കാവുന്നതാണ്. (ഓരോ ഇനത്തിലും പരമാവധി 50 വീതം കുട്ടികളെ മാത്രമാണ് പങ്കെടുപ്പിക്കുക)

*5) പരിശീലന ബാച്ചിലേയ്ക്ക് കുട്ടികളുടെ പേര് രജിസ്ട്രേഷൻ ഈ കാര്യാലയത്തിൽ വച്ച് 28/6/2018 ന് രാവിലെ 10 മണിമുതൽ 2 മണിവരെ നടത്തുന്നതാണ്.*

6) കലാപാഠത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രധാന **അദ്ധ്യാപകർ മുഖാന്തിരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഇതിനുള്ള പ്രൊഫോർമ പ്രത്യേകം ഇതോടൊപ്പം നൽകുന്നു.**

7) ശിൽപ്പശാലയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണവും രാവിലെയും വൈകുന്നേരവുമുള്ള ചായയും ലഘുഭക്ഷണവുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും.

8) കുട്ടികളെ ശിൽപ്പശാല കേന്ദ്രത്തിലേയ്ക്ക് കൊണ്ടുവരുമ്പോൾ എസ്കോർട്ടിംഗ് ടീച്ചറോ, രക്ഷാകർത്താക്കളോ നിർബന്ധമായും ഒപ്പം ഉണ്ടായിരിക്കേണ്ടതാണ്. അവർക്കുള്ള ഭക്ഷണ ചിലവ് ഉൾപ്പെടെയുള്ള മറ്റ് ചിലവുകൾ സ്വന്തമായി വഹിക്കേണ്ടതാണ്.

9) പരിശീലന ഹാളിൽ പരിശീലകർക്കും, വിദ്യാർത്ഥികൾക്കും മാത്രമായിരിക്കും പ്രവേശനം, എസ്കോർട്ടിംഗ് ടീച്ചർ രക്ഷിതാവ് എന്നിവർ പ്രത്യേകം ഒരുക്കുന്ന സ്ഥലത്ത് വിശ്രമിക്കേണ്ടതാണ്.

10) ഒരു വിദ്യാർത്ഥിക്ക് ഒരു ദിവസം ഒരു ഇനത്തിൽ മാത്രമേ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. രണ്ട് ദിവസങ്ങളിലായി ഓരോ ഇനത്തിൽ പങ്കെടുക്കാം.

മേൽ വിവരങ്ങൾ ഇന്ന് തന്നെ എല്ലാ പ്രധാന അദ്ധ്യാപകർക്കും അയച്ചു കൊടുക്കേണ്ടതാണ്.

ഉള്ളടക്കം:

പ്രഫോർമ.

വിശ്വസ്തതയോടെ,
(ഒപ്പ്)
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശൂർ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

Scanned by CamScanner

# കലാപാഠം ശിൽപ്പശാല പ്രഫോർമ

1. വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ പേര് :

2. സ്കൂൾ അഡ്മിഷൻ നമ്പർ :

3. 2018–19 വർഷം പഠിക്കുന്ന സ്റ്റാന്റേർഡ് :

4. വിദ്യാലയത്തിന്റെ പേര് :

5. 2017–18 വർഷം റവന്യൂ ജില്ലാ കലോത്സവ
   ത്തിൽ പങ്കെടുത്ത വിവരം : ഉണ്ട്/ഇല്ല.

6. പങ്കെടുത്തിട്ടുണ്ടെങ്കിൽ ഏത് ശാസ്ത്രീയ
   ഇനത്തിൽ :

7. മാതാവിന്റെ/പിതാവിന്റെ പേര് :

8. പരിശീലനത്തിനുവരുമ്പോൾ
   അനുഗമിക്കുന്ന വ്യക്തി
   (രക്ഷിതാവ്/എസ്കോർട്ട് ടീച്ചർ) :

9. പങ്കെടുക്കുന്ന ഇനങ്ങൾ :

10. പങ്കെടുക്കുന്ന തിയതികൾ :

വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ ഒപ്പ് :

രക്ഷിതാവിന്റെ ഒപ്പ് :

പ്രധാന അദ്ധ്യാപകന്റെ ഒപ്പ് :

(സ്കൂൾ സീൽ സഹിതം.)



Scanned by CamScanner